യേശുവിൻ സേനകൾ നാം ജയം നമുക്കുണ്ടല്ലോ
യേശുവിൻ പ്രിയമക്കൾ നാമല്ലോ ജയം നമുക്കുണ്ടല്ലോ } 2

നിന്നെ തൊടുന്നവരോ നിന്നെയല്ല
ദൈവത്തിൻ കൺമണിയെ തന്നെ തൊടുന്നു } 2
സർവ്വശക്തൻ എഴുന്നേൽക്കുന്നു നിനക്കായ്
പുകപോലെ ചിതറുന്നു വൈരികളും } 2

ഇതു സൈന്യത്താലെയല്ലാ ശക്തിയാലുമല്ലാ
ദൈവത്തിന്റെ ആത്മശക്തിയാലത്രെ } 2

യേശുവിൻ ............1

ആശയ്ക്കു വകയില്ല എന്നു നിനയ്ക്കേണ്ടാ
നിന്നെ മെനഞ്ഞവൻ നിനക്കുണ്ടു കൂടെ } 2
സൃഷ്ടിക്കും അവൻ കുറവായുള്ളതെല്ലാം
ഏല്പിക്ക തൻ കയ്യിൽ സകലത്തേയും } 2

ഇതു സൈന്യ......2 യേശുവിൻ ...........1

കഷ്ടതയുണ്ടതു സ്ഥിരമല്ലെന്നറിക
നൊടിനേരം കൊണ്ടതു നീങ്ങിടുമല്ലോ } 2
പരിഹാരമുണ്ടെല്ലാ ശോധനകൾക്കും
സർവ്വശക്തൻ നിനക്കരികിലുണ്ട് } 2

ഇതു സൈന്യ......2 യേശു.....2

ഇതു സൈന്യ.....4